"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ- തൃശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചിലവായ തുക, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിസി ) വകുപ്പ്**

സ.ഉ.(സാധാ) നം.31/2026/LSGD തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-

1. 06.03.2023 ലെ സ.ഉ(സാധാ)564/2023/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്
2. 02.06.2023 ലെ സ.ഉ.(സാധാ)1153/2023/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്
3. 12.11.2024 ലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/14746/2024-DPLC2 നമ്പർ കത്ത്.

**ഉത്തരവ്**

തൃശൂർ ജില്ലയിലെ മുരിയാട് ഗ്രാമ പഞ്ചായത്തിൽ 2023 മാർച്ച് മാസം മുതൽ ജൂൺ മാസം വരെയുള്ള കാലയളവിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ 17 വാർഡുകളിൽ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തിയതിതിന് ആകെ 22,92,019/- രൂപ ചെലവ് വന്നിട്ടുണ്ടെന്നും സർക്കാർ ഉത്തരവ് പ്രകാരം മാർച്ച് മാസം 6 ലക്ഷം രൂപയും ഏപ്രിൽ മെയ് മാസങ്ങളിൽ 12,00,000/- രൂപയും ചെലവഴിക്കുവാൻ അനുമതിയുണ്ടെന്നും അതിൻ പ്രകാരം മാർച്ച് മാസം ചെലവായ 1,15,896/- രൂപയും, 01.04.2023 മുതൽ 02.05.2023 വരെ ചെലവായ 12,18,664/- രൂപയിൽ 12,00000/- രൂപയും കരാറുക്കാരന് അനുവദിച്ചിട്ടുണ്ടെന്നും മുരിയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാലവർഷം ജൂൺ മാസത്തിൽ ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സർക്കാർ ഉത്തരവ് പ്രകാരം രണ്ടാഴ്ചത്തെയോ അല്ലെങ്കിൽ മഴ ലഭിക്കുന്നതുവരെയോ ഏതാണോ ആദ്യം എന്ന ക്രമത്തിൽ ജൂൺ മാസത്തിലും കുടിവെള്ളവിതരണം നടത്തേണ്ടി വന്നതു പ്രകാരം 03.05.2023 മുതൽ 08.06.2023 വരെ ചെലവായ 9,57,459/-രൂപയും 01.04.2023 മുതൽ 02.05.2023 വരെ ചെലവായ 12,18,664/- രൂപയിൽ ബാക്കി നൽകുവാനുള്ള 18,664/- രൂപയും ഉൾപ്പെടെ 9,76,123/-രൂപ തനത്/വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കുന്നതിനായി മുരിയാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട്, വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയ

ട്രിപ്പ് ഷീറ്റുകളും, ജി.പി.എസ് ട്രാക്കും പരിശോധിച്ച കണക്കുകളും ഉൾപ്പെടെ തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ശിപാർശയോടെ ലഭ്യമാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശയുടെയും, മുരിയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും, അനുബന്ധരേഖകളുടെയും അടിസ്ഥാനത്തിൽ **01.04.2023** മുതൽ **02.05.2023** വരെ ചെലവായ **12,18,664/-** രൂപയിൽ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ നിന്നും അധികമായി ചെലവായ **9,76,123/-** (ഒമ്പത് ലക്ഷത്തി എഴുപത്തി ആറായിരത്തി ഒരുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) തനത്/വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള പ്രത്യേക അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

(2) സർക്കാർ ഈക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, തൃശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിൽ പരാമർശിത സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദനീയമായ കാലയളവിൽ(**06.03.2023** മുതൽ **14.06.2023** വരെ) കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ **9,76,123/-** രൂപ (ഒമ്പത് ലക്ഷത്തി എഴുപത്തി ആറായിരത്തി ഒരുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം),ചിലവ് ആധികാരികത മുരിയാട് ഗ്രാമപഞ്ചായത് സെക്രട്ടറി ഉറപ്പാകേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് മുരിയാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

.(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, മുരിയാട് ഗ്രാമ പഞ്ചായത്ത് , തൃശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്1/ആഡിറ്റ്2) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
Date: 05-01-2026 10:38:26
സെക്ഷൻ ഓഫീസർ